ടൂറിസം ഉത്തരവുപ്രകാരം ഇൻഫർമേഷൻ അസിസ്റ്റന്റ് ട്രെയിനികളെ നിയമിച്ചു വരുന്നുണ്ട്.

(ബി) സ്വകാര്യ ഉടമസ്ഥതയിൽ കേരളത്തിൽ പ്രവർത്തിക്കുന്ന ടൂറിസം ഇൻഫർമേഷൻ സെന്ററുകളുടെ വിവരം ടൂറിസം വകുപ്പിൽ ലഭ്യമല്ല.

(സി) ലോകത്തിലെ പ്രധാനപ്പെട്ട 5 ലിങ്ക് ലാംഗേജുകളിൽ (ഇംഗ്ലീഷ്, സ്പാനിഷ്, ജർമ്മൻ, ഫ്രഞ്ച്, ചൈനീസ്) കേരളാ ഫോൾഡർ എന്ന ബ്രോഷർ അച്ചടിച്ച് ടൂറിസ്റ്റുകൾക്കായി വിതരണം ചെയ്തു വരുന്നുണ്ട്. കൂടാതെ കേരളാ ടൂറിസത്തിന്റെ വെബ് സൈറ്റ് ഈ ലാംഗേജുകളിലും ലഭ്യമാണ്.

ഏനാമാക്കൽ നെഹ്റുപാർക്ക് നിർമ്മാണം

100(308)ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏനാമാക്കൽ നെഹ്റു പാർക്ക് നിർമ്മാണത്തിൽ കാല താമസമുണ്ടായതുമായി ബന്ധപ്പെട്ട് ഡി.റ്റി.പി.സി.-യിൽ നിന്നും വിശദീകരണം ലഭിച്ചുവോ ;

(ബി) പാർക്കു നിർമ്മാണത്തിനുള്ള ശേഷിക്കുന്ന ഫണ്ട് അടിയന്തരമായി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ :

(സി) നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇടക്കാല മറുപടി ലഭിച്ചിട്ടുണ്ട്.കൂടുതൽ വ്യക്തമായ വിശദീകരണം ഡി.റ്റി.പി.സി.-യോട് ടൂറിസം ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷം പൂർത്തീയാക്കുന്നതാണ്.

കാസർഗോഡ് ഗസ്റ്റ് ഹൗസിന് അഡീഷണൽ ബ്ലോക്ക് നിർമ്മിക്കാൻ നടപടി

101(309) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസറഗോഡ് സർക്കാർ ഗസ്റ്റ് ഹൗസിന് ഇപ്പോൾ എത്രമുറികളുണ്ടെന്ന് വ്യക്തമാക്കുമോ ; ഇതിൽ വി.ഐ.പി., ഓർഡിനറി റൂമുകൾ എത്ര :

LIBRARY ARCHIVES Kerala Legislative Assembly

(ബി) എച്ച്.എ.എൽ., കേന്ദ്രസർവ്വകലാശാല, ബേക്കൽടൂറിസം തുടങ്ങിയവയുടെ പ്രാധാന്യം കണക്കിലെടുത്ത് ഗസ്റ്റ് ഹൗസിന് അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുവാനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ ; എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാസറഗോഡ് ഗസ്റ്റ് ഹൗസിന് ഇപ്പോൾ 11 മുറികളുണ്ട്. വി.ഐ.പി. റൂമുകൾ-മൂന്ന് എണ്ണം, ഓർഡിനറി റൂമുകൾ-എട്ട് എണ്ണം

(ബി) സർക്കാർ പരിശോധിച്ചു വരുന്നു.

വയ്യാങ്കര ടൂറിസം പദ്ധതി

102(310) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ താമരക്കുളം പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വയ്യാങ്കര ശുദ്ധജല തടാകത്തിൽ 2002-ൽ നിർദ്ദേശിക്കപ്പെട്ട ടൂറിസം പദ്ധതി നാളിതു വരെ യാഥാർത്ഥ്യമാകാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) വയ്യാങ്കര ടൂറിസം പദ്ധതിക്ക് നാളിതുവരെ എത്ര തുക അനുവദിച്ചു എന്നും അത് ഏത് രീതിയിൽ ചെലവഴിച്ചുയെന്നും വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി നടപ്പാകാതെ പോകുന്നത് തടയുവാനും സമയ ബന്ധിതമായി ഇതിന്റെ പ്രവർത്തനം പൂർത്തീകരിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ താമരക്കുളം പഞ്ചായത്തിലെ വയ്യാങ്കര ശുദ്ധജലതടാകത്തിൽ 2002-ൽ ഒരു ടൂറിസം പദ്ധതി ആവിഷ്കരിച്ചിരുന്നു. എന്നാൽ ഈ ശുദ്ധ ജലതടാകത്തിൽ ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് വൻതോതിലുള്ള ഡ്രഡ്ജിങ്ങും മറ്റ് അനുബന്ധ ജോലികളും ആവശ്യമായി വരുമെന്ന് കണ്ടതിനാൽ ഭരണാനുമതി ലഭിച്ച തുകയിൽ പദ്ധതി തീർക്കാൻ കഴിയാത്ത സ്ഥിതി വന്നു. ഈ സാഹചര്യത്തിൽ ആണ് പദ്ധതി യാഥാർത്ഥ്യമാകാതെ പോയത്.

(ബി) ഈ പദ്ധതിക്കായി 9,62,303 (ഒൻപത് ലക്ഷത്തി അറുപത്തി രണ്ടായിരത്തി മുന്നൂറ്റി മൂന്ന്) രൂപ അനുവദിച്ചു. എന്നാൽ തുക ചെലവാക്കിയിട്ടില്ല.

(സി) നിലവിൽ ഈ പദ്ധതി സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly